Vol. 2, Issue :9 Parish Bulletin September 2015

**Stephanian**

St. Stephens Indian Orthodox Congregation

Kuwait




# മാധ്യമങ്ങളും ക്ഷുഭിത കൗമാരവും

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മനുഷ്യമനസ്സിൽ മാധ്യമ ലഹരിയുടെ അതിസംക്രമണം ആരംഭിച്ചിട്ട് കാൽ നൂററാണ്ടായി. ആഗോളവൽക്കരണത്തിനൊപ്പമെത്തിയ ഉപഗ്രഹ ചാനലുകൾ ബോധവിചാരങ്ങളെ സ്വാധീനിച്ചു. പൊതുസമ്മത നിർമ്മിതിയിൽ അച്ചടി മാധ്യമങ്ങൾ വഹിച്ച ജനപ്രീതിയുടെ മേൽക്കൈ അതിശ്രീഘ്രം മാധ്യമ ചാനലുകൾ കീഴടക്കി. പാശ്ചാത്യരാജ്യത്ത് 1980കളിൽ ആരംഭിച്ച 24x7 വാർത്ത ചാനലുകൾ ഇന്ത്യയിൽ തൊണ്ണൂറുകളിലെത്തി, രണ്ടായിരത്തോടെ ശക്തിപ്പെട്ടു. ഇന്ത്യയിൽ 2010 ഓടെ സാമൂഹിക മാധ്യമങ്ങൾ ആധിപത്യം ഉറപ്പിച്ചു തുടങ്ങി.

മാധ്യമങ്ങളിലെ കാഴ്ച്ചകൾ വെറും കാഴ്ച്ചകളല്ല. വിസ്മയ കാഴ്ചകളും മായിക കാഴ്ച്ചകളുമാക്കി തീർക്കുന്നുവെന്ന് ഴാങ്ങ് ബ്രോദിയാർ നിരീക്ഷിക്കുന്നു. മാധ്യമങ്ങളിൽ യാഥാർത്ഥ്യങ്ങളില്ല എന്നാണ് അദ്ദേഹത്തിന്റെ വാദം. കമ്പോളം ലക്ഷ്യമാക്കിയുള്ള കാഴ്ചളുടെ അതിയാഥാർത്ഥ്യത്തിന്റെ മുമ്പിൽ സത്യവും നീതിയും വിസ്മൃതമാക്കപ്പെടുന്നു. അങ്ങനെ പൊതുസമൂഹത്തെ അരാഷ്ട്രീയവൽക്കരിക്കുവാനും ശിഥിലീകരിക്കുവാനും മാധ്യമങ്ങൾ ബോധപൂർവ്വം ശ്രമിക്കുന്നു. കൂടാതെ മാധ്യമങ്ങളിൽ സംഘർഷങ്ങൾക്കും സംഘട്ടനങ്ങൾക്കുമാണ് പ്രാമുഖ്യം എന്നും വെളിപ്പെടുത്തുന്നു.

### 1. മാധ്യമങ്ങളുടെ ഇപ്പോഴത്തെ പൊതുസ്വഭാവം എന്താണ്?.

ബഹുരാഷ്ട്ര വാണിജ്യകുത്തകൾ മാധ്യമങ്ങളിൽ ആധിപത്യം ഉറപ്പിക്കുന്നു. വിവര വിജ്ഞാന വിനോദങ്ങളിൽ ദൃശ്യവിസ്മയം സൃഷ്ടിച്ച് മനുഷ്യമനസ്സ് സംഘർഷഭരിതമാക്കുന്നു. ക്രൈം, പീഡനം, അഴിമതി, ദുരന്തം, ഭീകരത, മത സംഘർഷം എന്നിവയ്ക്ക് അമിത കവറേജ് നൽകി മാധ്യമം, വിപണി സംസ്കാരത്തിന്റെ പ്രചാരകരായി. മാധ്യമങ്ങൾ തമ്മിലുള്ള കടുത്ത മത്സരവും പോർവിളിയും ശക്തിപ്പെട്ടു. വാർത്താ വിതരണവും വ്യാഖ്യാനവും തമസ്ക്കരണവും വിവിധ മാധ്യമ പ്രത്യേയ ശാസ്ത്രങ്ങളിൽ കേന്ദ്രീകൃതമായി. സമൂഹ മനസാക്ഷിയുടെ കാവൽക്കാരാണ് പത്ര-ടെലിവിഷൻ മാധ്യമങ്ങൾ എന്ന് സ്വയം പ്രഖ്യാപിക്കുന്നു. എന്നാൽ പുതുതലമുറ എല്ലാത്തരം പൊതുചർച്ചകളിൽ നിന്നും സാമൂഹിക ബന്ധങ്ങളിൽ നിന്നും ഉൾവലിഞ്ഞ് നവ സാങ്കേതികതയുടെ ഇരകളായിത്തീരുന്നു. വിനോദ-വാർത്താ ചാനലുകളും പത്രമാധ്യമങ്ങളും സാമൂഹിക മാധ്യമങ്ങളും വിവിധതരം അജണ്ട കേന്ദ്രീകരിച്ച് വാർത്താ വിശകലനങ്ങൾ അവതരിപ്പിക്കുന്നതിനാൽ ജനാധിപത്യ പൊതുമണ്ഡലങ്ങൾ ശിഥിലീകരിക്കപ്പെടുന്നു.

### 2. നവീന സാങ്കേതികവിദ്യ മാധ്യമങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു?

നവീന വിവരസാങ്കേതിക വിജ്ഞാന, വിനോദ, വിവര, വിഭവങ്ങൾക്ക് പ്രകാശ വേഗത സൃഷ്ടിച്ച് ലോകത്തെ ചെറുതാക്കി. സംവേദനം ദ്രുതഗതിയിലും. ഏതു ഉല്പന്നമായാലും ഏതുതര വിഭവങ്ങളായാലും ദൃശ്യങ്ങളായാലും എന്തും എവിടെയും എപ്പോൾ വേണമെങ്കിലും ലഭിക്കുന്നു. ഇന്റർനെററ് അറിവിന്റെയും ദൃശ്യത്തിന്റെയും അതിധാരളിത്തമാണ് ഒരുക്കുന്നത്. എല്ലാ വിവരങ്ങളും വിഭവങ്ങളും ഇപ്പോൾ ഒരു മൊബൈൽ ഫോണിലൂടെ ലഭ്യമാകുന്നു. ഇന്റെർനെററ് സംവിധാനമുള്ള മൊബൈൽ ഒരു കമ്പ്യൂട്ടർ തന്നെയാണ്. വ്യക്തമായ ദൃശ്യങ്ങളും വിഭവങ്ങളുമാണ് അതിശീഘ്രം ഇതിൽ ലഭ്യമകുന്നത്. കൊച്ചു കുട്ടികളും ഇത്തരം സ്മാർട്ട് ഫോണുകളിൽ സജീവമാണ്. ഇൻഫർമേഷൻ ടെക്നോളജിയുടെ അനന്തമായ വളർച്ചയും സ്വാധീനവും അതിരുകളില്ലാത്ത ലോകം യാഥാർത്ഥ്യമാകി. പുതു തലമുറയുടെ അവിഭാജ്യഘടകമായി നവീന സങ്കേതികത ഉൾക്കൊള്ളുന്ന സ്മാർട്ട് ഫോണുകൾ! (തുടരും...)

**Feast of Nativity of St. Mary** : The Holy Qurbana & Perunnal Service will be on 7th Sept., Monday, 6:30 pm. Nercha will also be served.

**Feast of Holy Cross (sleeba perunnaal)** : The Holy Qurbana & Perunnal Service will be on 13th Sept., Sunday, at 6:30 pm.

**Sunday School Re-opening on 3rd September, Thursday**
**Timing : 5:15 pm to 7:30 pm, St. John's Marthoma Hall, Abbasiya**

**Schedule of Worship : Venue - ACE's Hall , Near Subway Rest., Abbasiya**
Every Friday Holy Qurbana - 6:30 am - 9 am. **(Morning Service)**
Every Sunday Holy Qurbana - 6:30 pm to 8:30 pm **(Evening Service)**
**Holy Qurbana on 2nd Saturday (12-09-15) 7:00 am to 9:00 am (NECK South Tent)**

**Birthday & Wedding Anniversary** : The Vicar & parishoners extend blissful happy B'day & Wedding Anniversary wishes to all whose same marks on the month of Sept. (Special prayer is offered in Holy Qurbana for them.)

**Free Transportation Facility** : To & fro free transporation facility is available to all who attend the Holy Qurbana of SSIOC at ACE Hall, Abbasiya.
*Contact Details :* **Mr. Kuriachan P.K. : 96681598** *(Transportation Gen. Co.ordinator)*
**Mr. Cherian V.T. (Farwaniya & Khaitan) : 99285095, Mr. Joby Chacko. (Hawally & Salmiya) : 55005114**
**Parish Trustee : Mr. Raju K. : 99476337, Parish Secretary : Mr. Binu Thomas : 50166267**

*For private circulation only*

# Prayer Meeting Schedule for Sept-2015


**Prayer Group General Secretary : Mr. Mathews Oommen - 69950722**


| | | | | | |
|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243 (Time : 5:00 pm)** | | | | | |
| 04-09 | Mr. Dan George Varghese | Address Building | Flr. 12 | Flat 71 | 60387666 |
| 11-09 | Mr. Bineesh Joy | Near Opp. mosque- old Nayana Sweets | 07 | 08 | 66415435 |
| 25-09 | Mr. Binu K Mathew | Apsara Bazar Building | 09 | 68 | 66554783 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242 (Time : 5:00 pm)** | | | | | |
| 04-09 | Mr. Stanly Varghese | Address Shoppie Building | 01 | 04 | 69961151 |
| 11-09 | Mr. Eldhose K.P. | Old Nafisi Building | 07 | 26 | 97279309 |
| 25-09 | Mr. Benson Babu | Kuwait Stara Telcom Building | 05 | 38 | 65942858 |
| **St. Dionysius Prayer (Abbasiya) Sec : Mr. Robin Abraham - 65087056 / Mr. Jinu Thomas - 66572888 (Time : 5:30 pm)** | | | | | |
| 04-09 | Mr. Wilson Varghese | Opp. Best Bakers (Water Tank) | 01 | 07 | 67092775 |
| 18-09 | Mr. Ajay C Eapen | Spencer's Bakery Bldg. | 08 | 30 | 66697495 |
| 25-09 | Mr. Vipin K Varghese | Best Bakers Bldg. (Near United School) | 08 | 25 | 65001297 |
| **St. George Prayer (Abbasiya) Secretary : Mr. Shibu Rajan - 66405671 (Time - 5:30 pm)** | | | | | |
| 04-09 | Mr. Biju George | Opp. Intg. School, Golden Super Mkt. Bldg. | 07 | 25 | 97824160 |
| 11-09 | Mr. Ronny Jacob | Near Hada Center | GF | 23 | 98930808 |
| 18-09 | Mr. Nibu Thomas | Near Boubyan Travels | 06 | 21 | 60960740 |
| 25-09 | Mr. Santhosh K. Oommen | APS Bakkala Bldg., | 03 | 11 | 94068083 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 50322192 (Time-7:30 pm)** | | | | | |
| 11-09 | Mr. Abraham K. Philip | Bldg # 38, Riggae Flowershop bldg. | 03 | 07 | 66901598 |
| 25-09 | Mr. John V. Baby | Bldg # 9, Front side, Nr. Green Ark Veg.Shop, New Riggae | 03 | 06 | 60747204 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 51077900 (Time-6:30 pm)** | | | | | |
| 18-09 | Mr. Kurian Punnose | Nr Behbahani Bldg., Sharq, Ahmad Al Jaber Street, Kat Mout Rest. Bldg. | 09 | 93 | 66369625 |
| **St. Thomas Prayer (Farwaniya, Khaitan) Secretary : Mr. Cherian V.T. - 99285095 (Time - 6:30 pm)** | | | | | |
| 04-09 | Mr. Rajan George | Nr. Shaab Pharmacy, Bldg. # 3, St- 123, Opp. Al Diwahi Rest., Farwaniya | 05 | 22 | 97919178 |

**St. Stephen's Orthodox Youth Movement Unit Secretary - Mr. Bineesh Joy**


## happy birthday


Juvana Maria Jaise



Merleah Mary


Joceli Sara Stephen



Irene Elizabeth Shibu


Johan P John


Felix Manoj


Ashika Grace Jiju


Merin Ann Abraham


Aksa Anna Binu

HEARTFULWISHES

## Feast of Nativity of St. Mary & Feast of Holy Cross

കർത്താവിൽ പ്രിയരെ,

പരിശുദ്ധ സഭ കാനോനികമായിട്ട് അംഗീകരിച്ചിട്ടില്ലെങ്കിൽ പോലും അനേകം വിശ്വാസികൾ പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് അനുഷ്ഠിക്കുന്ന എട്ട് ദിവസത്തെ നോമ്പ് ദിനങ്ങളാണല്ലോ സെപ്ററംബർ ആദ്യവാരം. ദൈവമാതാവിന് സഭ നൽകുന്ന സ്ഥാനവും വിശ്വാസികൾക്ക് മാതാവിന്റെ മദ്ധ്യസ്ഥതയിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങളുമാണ് ഈ പെരുന്നാളിലേക്ക് വിശ്വാസികളെ നയിക്കുന്നത്.

സെപ്ററംബർ മാസം പരിശുദ്ധ സഭ കൊണ്ടാടുന്ന മഹത്തായ ഒരു പെരുന്നാളാണല്ലോ വിശുദ്ധ സ്ലീബാ പെരുന്നാൾ (September 14). ക്രിസ്താബ്ദം നാലാം നൂററാണ്ടിലാണ് ഈ പെരുന്നാൾ ആരംഭിക്കുന്നത്. ഏ. ഡി 326ൽ റോമൻ ചക്രവർത്തിയായ കുസ്തന്തിനോസ് രാജാവിന്റെ അമ്മ ഹേലേനി രാജ്ഞി യെരുശലേമിൽ കർത്താവിനെ ക്രൂശിച്ച സ്ഥാനത്തു നിന്ന് കർത്താവിന്റെ ക്രൂശ് കണ്ടെത്തി. അവിടെ Martyrium - സാക്ഷ്യസ്ഥാനം എന്ന പേരിലും, അനാസ്റ്റാസിസ് (Anastasis) പുനരുദ്ധാനം എന്ന പേരിലും രണ്ടു വലിയ ദേവാലയങ്ങളും പണി കഴിപ്പിച്ചു. ഏ. ഡി 335ൽ കർത്താവിന്റെ ക്രൂശ് കണ്ടെത്തിയതിന്റെ വാർഷിക ദിനമായ സെപ്ററംബർ 14ന് ഈ പള്ളികളുടെ പ്രതിഷ്ഠാ കർമ്മവും നടത്തി. ഇവിടെ ആണ്ടുതോറും സെപ്ററംബർ 14 പെരുന്നാളായി ആഘോഷിക്കുന്നതിന് തുടങ്ങി. ഇതു ക്രമേണ ലോകമെമ്പാടും ക്രൂശിന്റെ മഹത്വീകരണ പെരുന്നാൾ (The Feast of the Exaltation of the Cross) എന്ന പേരിൽ ആണ്ട്തോറും ആഘോഷിക്കുവാൻ തുടങ്ങി. ഇതാണ് സ്ലീബാ പെരുന്നാളിന്റെ അടിസ്ഥാനം. കുരിശ് പ്രതിനിധാനം ചെയ്യുന്നത് ക്രിസ്തുവിന്റെ കുരിശിലുള്ള മരണം മാത്രമല്ല. മനുഷ്യാവതാരം മുഴുവനുമാണ്. മനുഷ്യാവതാര രഹസ്യം ആവിഷ്ക്കരിക്കാൻ കുരിശ് പോലെ ശക്തമായ മറെറാരു പ്രതീകവുമില്ല. ക്രിസ്തുവിന്റെ മനുഷ്യവതാരത്തിന്റെ ആദ്യ നിമിഷം മുതൽ പീഡനവും സഹനവും ആരംഭിക്കുകയാണ്. അതിന്റെ പരിപൂർത്തിയാണ് യെരുശലേമിൽ ക്രൂശീകരണത്തിൽ സംഭവിച്ചത്. മനുഷ്യരോടുള്ള സ്നേഹം മൂലമാണ് ദൈവം മനുഷ്യനായി അവതരിച്ചത്. 'ദൈവം സ്നേഹം തന്നെ' (1 യോഹ. 4:8) എന്ന് ക്രൂശിനെ നോക്കി നമുക്കും പറയുവാൻ കഴിയണം. കുരിശ് യേശുക്രിസ്തുവിന്റെ സ്മരണ ആണ് (പുറപ്പാട് 20:24) എന്റെ നാമത്തിൽ സ്മരണ സ്ഥാപിക്കുന്ന ഏതു സ്ഥലത്തും ഞാൻ നിന്റെ അടുക്കൽ വന്ന് നിന്നെ അനുഗ്രഹിക്കും. ക്രൂശിൽ നാം കാണുന്നത് ക്രിസ്തുവിന്റെ വിലയേറിയ സ്നേഹം ആണ്. മററുള്ളവർക്കുവേണ്ടി സ്വന്തം ജീവനെ മറുവിലയായി നൽകിയ ആ ദിവ്യസ്നേഹം.

കുരിശ് രക്ഷയുടെ ചിഹ്നം ആണ്. ദൈവത്തിൽ നിന്ന് അകന്നുപോയ മനുഷ്യകുലത്തെ വീണ്ടെടുത്ത് രക്ഷിച്ചത് കർത്താവിന്റെ കാൽവരി യാഗത്തിലൂടെയാണ് (Cross is the symbol of our Salvation).

കുരിശ് ശുഭ ചിഹ്നമാണ്. ഏ.ഡി 315ൽ കുസ്തിന്തിനോസ് ചക്രവർത്തി ഈ ക്രൂശ് പട്ടാളക്കാരുടെ ആയുധങ്ങളിലും വസ്ത്രങ്ങളിലും ധരിച്ചുകൊണ്ട് യുദ്ധം ചെയ്താൽ വിജയിക്കുമെന്ന ദർശനങ്ങൾ കണ്ടു. ആയതുകൊണ്ട് ഇന്ന് വിശ്വാസികൾ ബഹുമാന പൂർവ്വം ഇതിനെ ആദരിക്കുകയും അണിയുകയും സകല ഭയങ്ങളിൽ നിന്നും പ്രതികൂലതകളിൽ നിന്നും രക്ഷ നേടുകയും ചെയ്യുന്നു.

കുരിശ് വിജയക്കൊടിയാണ്. ക്രൂശിലെ പരമ യാഗത്തിലൂടെയാണ് സാത്തന്റെയും മരണത്തിന്റെയും മേൽ ക്രിസ്തു വിജയം വരിച്ചത്. ആയതുകൊണ്ട് ക്രൂശ് ബിംബമല്ല, ദൈവവുമല്ല, ദൈവത്തിന്റെ സ്മരണ നിലനിർത്തുന്ന വിജയത്തിന്റെ പ്രതീകമാണ്. പൗലോസ് അപ്പൊസ്തോലൻ നമ്മെ ഓർമ്മപ്പെടുത്തുന്നു 'എനിക്കോ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്'' (ഗലാ. 6:14).

പ്രിയരെ കുരിശ് ജീവിതത്തിന് ഒരു പുതിയ പ്രമാണം നൽകുന്നു. സ്നേഹം, സഹനം, പരിത്യാഗം, യാഗാർപ്പണം, സമാധാനം ഈ ക്രൂശിന്റെ പ്രമാണങ്ങൾ ഗ്രഹിക്കുന്ന ഒരു ഭക്തൻ ലോകം ക്ഷണികമെന്ന് തിരിച്ചറിഞ്ഞ് ക്രൂശിന്റെ ശാശ്വത മൂല്യങ്ങളിൽ സ്വയം സമർപ്പിച്ച് ജീവിക്കും. ഇതിനായി ക്രിസ്ത്യാനിയായ നമ്മെ ഓരോരുത്തരെയും ദൈവം വിളിച്ച് വേർതിരിച്ചിരിക്കുന്നു. ക്രൂശ് നമ്മെ ഓരോരുത്തരെയും ദൈവത്തിലേക്ക് ആനയിക്കുന്ന നല്ല മാധ്യമമായി എന്നും നിലകൊള്ളട്ടെ.

സ്നേഹപൂർവ്വം,

**Vicar : Fr.Saju Philip, Mob. - 60696128 / 24347327**

# വിശുദ്ധ കുർബ്ബാന ഒരു ലഘുപഠനം

**അഞ്ചാം തൂബ്ദേനിലെ പിതാക്കന്മാർ** (തുടർച്ച)

(9) അലക്സാന്ത്രിയായിലെ മാർ ദീയസ്ക്കോറോസ് )+454).

(10) അലക്സാന്ത്രിയായിലെ മാർ തീമോത്തിയോസ് (+497).

(11) മാബൂഗിലെ മാർ പീലക്സിനോസ് (+523)

(12) സന്യാസിയായിരുന്ന അന്തീമോസ് (457)

(13) മാർ ഈവാനിയോസ് അഥവാ സെന്റ് ജോൺ ക്രിസോസ്റ്റം : അന്ത്യോക്യായിലെ പട്ടക്കാരനായിരുന്ന ഇദ്ദേഹം പിന്നീട് കുസ്തന്തീനോസ്പോലീസിലെ മേൽപ്പട്ടക്കാരനായി (+407)

(14) അലക്സാന്ത്രിയായിലെ വി. കൂറിലോസ് (+444), ആണ് ഇവിടെ ഉദ്ദേശിക്കുന്നത്. എന്നാൽ യെറുശലേമിലെ കൂറിലോസിനെ (+387) ഈയവസരത്തിൽ ഓർക്കാവുന്നതാണ്.

(15) അന്ത്യോക്യയിലെ മേൽപ്പട്ടക്കാരനായിരുന്ന മാർ സേവേറിയോസ് (+538). കലക്കദൂന്യപക്ഷക്കാർക്കെതിരെ, ഓർത്തഡോക്സ് വിശ്വാസം ഉറപ്പിച്ചത് ഇദ്ദേഹമാണ്.

(16) മാർ യാക്കോബ് ബുർദാന (+578), എഡേസായിലെ ബിഷപ്പു കൂടിയായിരുന്ന ഇദ്ദേഹം, ഈജിപ്തിലും, മധ്യപൂർവദേശങ്ങളിലും സഞ്ചരിച്ച് പീഡയുടെ കാലത്തു സുറിയാനി സഭയിൽ അനേകം പട്ടക്കാരെയും മേൽപ്പട്ടക്കരെയും വാഴിച്ചു.

(17) മാർ അപ്രേം (+373) : നിസിബിസിലും എഡേസയിലും താമസിച്ച് അസംഖ്യം ഗാനങ്ങളും, പ്രാർത്ഥനകളും രചിച്ച ഇദ്ദേഹത്തോട് സുറിയാനി ആരാധനാഗീതങ്ങൾക്ക് ഒരു വലിയ കടപ്പാടുണ്ട്.

(18) മാർ യാക്കോബ് : അതിപ്രശസ്തമായ രണ്ടു സുറിയാനി പിതാക്കന്മാരെ ഈയവസരത്തിൽ അനുസ്മരിക്കുന്നു. സെറുഗിലെ മാർ യാക്കോബ് (+521). വി. അപ്രേമിനെപ്പോലെ, നമ്മുടെ ആരാധാന ഗീതങ്ങളിൽ ഒരു നല്ല പങ്കും രചിച്ച പിതാവാണ്. രണ്ടാമത്തെയാൾ എഡേസായിലെ യാക്കോബ് (+703), വി. കുർബാന തക്സായും, മാമോദീസാ ക്രമവും മററും ഗ്രീക്കിൽ സുറിയാനിയിലേക്കു തർജമ ചെയ്തു. സഭയുടെ കൂദാശക്രമങ്ങളിൽ പലതും എഡേസായിലെ യാക്കോബാണു ക്രോഡീകരിച്ചത്.

(19) മാർ ഇസഹാക്ക് (+461) : അന്ത്യോക്യായിലെ മേൽപ്പട്ടക്കാരനായിരുന്നു.

(20) മാർ ബാലായി (+450): കവിയും കോറെപ്പിസ്കോപ്പായും ആയിരുന്നു. ആലോപ്പൊയിൽ ആയിരുന്നു ഇദ്ദേഹം ജീവിച്ചിരുന്നത്.

(21) മാർ ബർസൗമാ (+458) : ഒരു സന്യാസിയായിരുന്നു.

(22) മാർ ശെമവൂൻ ദെസ്തൂനി (+459): പതിനാറാം വയസ്സിൽ സന്യാസിയായിത്തീർന്ന ഇദ്ദേഹം പിൽക്കാലത്തു 40 അടി ഉയരമുള്ള തൂണിന്മേൽ ഇരുന്നു ജീവിതാവസാനംവരെ തപസ്സു ചെയ്തു.

(23) മാർ അബഹായി നിഖ്യായിലെ മേൽപ്പട്ടക്കാരനായിരുന്നു (5-ാം നൂററാണ്ടിൽ)

എട്ടാം നൂററാണ്ടിനു മുമ്പുള്ള പിതാക്കന്മാർ മാത്രമേ ഈ ലിസ്റ്റിൽ ഉള്ളു. ആയതുകൊണ്ട്ഈ ലിസ്റ്റു പൂർണമാണെന്നു പറയാൻ സാധിക്കുകയില്ല.

ആറാം തൂബ്ദേനിൽ വിശ്വാസികളായ വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് മദ്ധ്യസ്ഥ പ്രാർത്ഥനകൾ അവസാനിപ്പിക്കുന്നു.

### വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു ശരിയോ അങ്ങനെ പ്രാർത്ഥിക്കുന്നതുകൊണ്ട് അവർക്ക് എന്തെങ്കിലും പ്രയോജനമുണ്ടോ. ഈ ചോദ്യങ്ങൾക്ക് ആധുനിക കാലത്ത് ചില ക്രൈസ്തവ സഭകൾ ഉയർത്തുന്ന സംശയങ്ങൾ അത്രെ. അവയെ വേദപുസ്തക വെളിച്ചത്തിൽ വിലയിരുത്തുവാൻ ശ്രമിക്കുകയാണ് ഈ അദ്ധ്യായത്തിൽ.

**1. മരിച്ചവർക്കുവേണ്ടി സഭ പ്രാർത്ഥിക്കുന്നില്ല.**

വി. യോഹ. 11:26ൽ യേശുക്രിസ്തു അരുളി ചെയ്യുന്നു. ജീവിച്ചിരുന്ന എന്നിൽ വിശ്വസിക്കുന്നവൻ ഒരുനാളും മരിക്കുന്നില്ല. യേശുക്രിസ്തുവിനെ വിശ്വസിച്ച് ലോകം വിട്ടുപോകുന്നവർ മരിച്ച അവസ്ഥയിൽ അല്ല ജീവനുള്ളവർ അത്രെ. അതുകൊണ്ട് മരിച്ചവർക്കുവേണ്ടി അല്ല സഭ പ്രാർത്ഥിക്കുന്നത്.

വി. യോഹ 8:51 ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു എന്റെ വചനം പ്രാമാണിക്കുന്നവൻ ഒരുനാളും മരണം കാണുകയില്ല. വി. യോഹ 5:24 ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്.

ഏദൻ തോട്ടത്തിൽ വെച്ചു യഹോവ ആദാമിനോട് പറഞ്ഞു തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നുന്ന നാളിൽ നീ മരിക്കും ഉൽപത്തി 2:17. എന്നാൽ ദൈവകല്പനയ്ക്ക് വിരുദ്ധമായി ഹവ്വ പഴം പറിച്ചു. രണ്ടുപേരും ഭക്ഷിച്ചു. എന്നാൽ ആദാം 930 വർഷം ജീവിച്ചിരുന്നതായി നാം വായിക്കുന്നു (ഉല്പത്തി 5:5). പക്ഷെ പഴം തിന്നുന്ന നാളിൽ ആദാമിനും ഹവ്വായിക്കും മരണത്തിന്റെ അവസ്ഥയുണ്ടായി.

അതുവരെ ഉണ്ടാകാതിരുന്ന നഗ്നതാബോധം അവർക്കുണ്ടായി.

ദൈവ ശബ്ദം കേട്ട് സതോഷത്തോടെ ദൈവസന്നിധിയിൽ ഓടി വരാറുണ്ടായിരുന്ന ആദാമും ഹൗവ്വായും അന്നു ദൈവശബ്ദം കേട്ട് ഭയന്ന് ഓടി വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു. ദൈവസന്നിധിയിൽ നിന്ന് ഓടിയകലുന്ന അവസ്ഥയാണ് മരണം. അതായത്, ആത്മീയ മരണം സംഭവിച്ചവനായി ആദാം 930 വർഷം ഭൂമിയിൽ ജീവിച്ചു.

അതായത്, ജീവിച്ചിരിക്കുന്നവരുടെ കൂട്ടത്തിൽ മരിച്ചവരും മരിച്ചവരുടെ കൂട്ടാത്തിൽ ജീവിച്ചിരിക്കുവരും ഉണ്ട്. യേശു ക്രിസ്തുവിൽ വിശ്വസിച്ച് കടന്നു പോയവർ ജീവനുള്ളവരാണ്. അവർക്കുവേണ്ടിയാണ് സഭ പ്രാർത്ഥിക്കുന്നത്.

സങ്കീ. 115:17, 18 വാക്യങ്ങൾ ഈ അർത്ഥത്തിൽ വേണം മനസ്സിലാക്കാൻ. മരിച്ചവരും മൗനതയിൽ ഇറങ്ങിയവരാരും യഹോവയെ സ്തുതിക്കുന്നില്ല. നാമോ ഇന്നു മുതൽ എന്നേക്കും യഹോവയെ വാഴ്ത്തും. ആത്മീകമായി മരിച്ചവർ ദൈവത്തെ സ്തുതിക്കുന്നില്ല എന്നാൽ ദൈവത്തെ സ്തുതിച്ച് ആനന്ദം കണ്ടെത്തിയ ദാവീദും കൂട്ടുകാരും ഈ ലോകജീവിതത്തിൽ മാത്രമല്ല അതിനുശേഷവും യഹോവയെ വാഴ്ത്തുമെന്നത്രെ പറഞ്ഞിരിക്കുന്നത്. ഇന്നുമുതൽ എന്നേക്കും എന്ന് പ്രയോഗം പഴയ നിയമ മൂലഭാഷയായ എബ്രായിൽ ലോകജീവിതത്തിനും അപ്പുറത്തേക്ക് അനന്തതയിലേക്ക് നീളുന്ന നിത്യതയെ സൂചിപ്പിക്കുന്നു.

(തുടരും...)

# INTRODUCTION TO THE OLD TESTAMENT

## The Third Book of Moses Commonly called Leviticus

Leviticus is pre-eminently a book of worship. The English title, derived from the Greek and Latin version of the Hebrew Bible, refers to the Levitical priests who were set apart to minister at the sanctuary. The book is divided into six parts:

1. Laws dealing with sacrifices (Ch. 1 – 7)
2. The consecration of the priests to their office (Ch.8 – 10)
3. Laws setting forth the distinction between clean and unclean (Ch.11 – 15)
4. The ceremony for the annual Day of Atonement. Ch: 16
5. Laws to govern the life of the people of Israel as the life of holy people (Ch.17 – 26)
6. An appendix on religious vow Ch:27

Although this section of the Pentateuch has become a separate "book", actually it is a continuation of the priestly tradition as mentioned at the end of the book of Exodus: chapters 25-31, 35-40. Moreover, the same tradition extends without interruption through the first ten chapters of Numbers. It is generally agreed that this priestly material in its present form comes from as relatively late period. Through the various rituals and laws, there breathes the conviction that the Holy God's tabernacle was in the midst of His people during their historical pilgrimage. (Exodus 34 – 38). The nearness of God not only accentuates the people's sense of sin, but also prompts them to turn to Him in sacrificial services of worship. For, according to the priestly witness, God has provided the means of atonement and forgiveness whereby the community is stored to wholeness and is reconciled to Him.

Made in God's image, we were created to have a close relationship with Him and when this fellowship is broken, we are incomplete and need restoration. Communion with the living God is the essence of worship. It is vital, touching the very core of our live. Perhaps, this is why a whole book of the Holy Bible is dedicated to worship. After the dramatic exit of the Israelites from Egypt, they camped at the foot of Mount Sinai for two years to listen to God (Exodus 19 to Numbers 10). It was a time of resting, teaching, building and meeting Him face to face. Redemption in the book of Exodus is the foundation for cleaning, worship and service in the book of Leviticus.

The overwhelming message of Leviticus is the holiness of God – "Be holy because I, the Lord your God am Holy". But, how can we unholy people approach a holy God? The answer – first sin must be dealt with. Thus the opening chapters of Leviticus give detailed instruction for offering sacrifices, which were the active symbols of repentance and obedience. Whether the sacrificial offering be the bulls, grain, goat or sheep, it had to be perfect, with no defects or bruises; a picture of the ultimate sacrifice to come – Jesus Christ. Jesus Christ has come and opened the way to God by sacrificing His life. In Leviticus, sacrifices, priests and the sacred Day of Atonement opened the way for the Israelites to come to God. God's people were also to worship Him with everything they had in their lives.

Thus we read of the purity laws (Ch. 11-15) and the rules for daily living concerning family responsibilities, sexual conduct, relationship, worldliness (Ch. 18-20) and vows (Ch. 27). These instructions involve one's holy walk with God and the patterns of a spiritual living remain the same for the day. Worship, therefore, has a horizontal aspect – that is God is honored by our lives as we relate to others.

The final emphasis in the book of Leviticus is on celebration. The book gives instructions for conducting a feast. These were special, regular and corporate occasions for remembering what God has done for us, giving thanks to Him and rededicating our lives for His services (Ch. 23).

**Purpose: -** A handbook for the priests and the Levites – outlining their duties in worship and a guidebook of holy living for the Hebrews., **Author: -** Moses,
**Date Written: -** 1445 – 1444 B.C., **Setting: -** At the foot of Mount Sinai. God teaches the Israelites how to live as holy people of God.,
**Key verses: -** 'Be holy because I, the Lord your God am Holy". Leviticus 19 : 2.,
**Key People: -** Moses, Aaron, Nadab, Abihu, Eleazar, Ithamar.
**Key Places: -** Mount Sinai, **Special features: -** Holiness is mentioned 152 times, more times than in any other book of the Bible.,
**Mega Themes: -** Sacrifice / Offering, worship, health, holiness, Levites

**Worshipping a Holy God : (1:1-17:16)**

The Israelites have arrived safely at the foot of Mount Sinai, and the tabernacle has been completed. The people will spend a great deal of time here as God shows them a new way of life with clear instructions on how sinful people can relate to a holy God.

**Living a Holy Life : (18: 1- 27 :34)**

After the sacrificial system for forgiving sins was in place, the people were instructed on how to live as the forgiven people. Hence the book of Leviticus is filled with the commands God gave to His people at the foot of Mount Sinai.

Cont...


# മാർ ശെമവൂൻ ദെസ്തൂനി
# സന്യാസജീവിതത്തിന്റെ വേറിട്ട ശൈലിയുടെ ഉടമ

ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത (ചെന്നൈ ഭദ്രാസനം)

സുറിയാനി സഭാ സന്യാസചരിത്രത്തിൽ മാർ ശെമവൂൻ ദെസ്തൂനിക്ക് അതുല്യമായ ഒരു സ്ഥാനമാണുള്ളത്.വ്രതനിഷ്ഠയിലൂടെ അനേകരെ ദൈവത്തിലേക്കടുപ്പിച്ച ഇദ്ദേഹം നാലാം നൂററാണ്ടിന്റെ അവസാനഘട്ടത്തിൽ അന്ത്യോഖ്യായിലെ സീസ്സ് എന്ന ഗ്രമത്തിൽ ജനിച്ചു. ബാല്യകാലത്തിൽ ആടുമാടുകളെ മേയിക്കുവാൻ മാതാപിതാക്കളെ സഹായിച്ചിരുന്നതിനാൽ ശരിയായ പഠനം നടത്തുന്നതിന് അദ്ദേഹത്തിനു സാധിച്ചിരുന്നില്ല. എങ്കിലും ബാല്യത്തിൽ തന്നെ ദൈവവചനം ഹൃദിസ്ഥമാക്കുന്നതിനും, ഉപവാസം, വ്രതാനുഷ്ഠാനങ്ങൾ, ദാനധർമ്മം എന്നിവ നടത്തുന്നതിനും അദ്ദേഹം അതീവതൽപ്പരനായിരുന്നു.

**ദയറാജീവിതം:-** മാർ ശെമവൂൻ തന്റെ യൗവ്വനത്തിൽ തന്നെ ദയറാ ജീവിതം തെരഞ്ഞെടുത്തു. തനിക്കു ലഭിച്ച ദൈവീക ദർശനത്താൽ യേശു ക്രിസ്തുവിന്റെ ജനത്തെ മേയിപ്പാനുള്ള ദൗത്യം സ്വയം ഏറെറടുക്കുകയും സിറിയായിലെ ആൽപ്പോയ്ക്കടുത്ത് മാറീസിന്റെ ദയറാവാസിയായി മറുകയും ചെയ്തു. ദയറാ ദേവാലയത്തിൽ വളരെ ദിനങ്ങളോളം പ്രാർത്ഥനയിലും കഠിനമായ നോമ്പിലും കഴിഞ്ഞിരുന്ന അദ്ദേഹം അഗതികളെയും ദരിദ്രരെയും സ്വീകരിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധ ചെലുത്തി. കഠിനമായ തപസ്സ്, ദാരിദ്ര്യം, ശാരീരിക ദണ്ഠനം തുടങ്ങി പല നിഷ്ഠകളും അനുഷ്ഠിച്ച അദ്ദേഹത്തെ അനുകരിക്കുവാൻ പല സഹസന്യാസി മാരും ശ്രമിച്ചെങ്കിലും അവർക്കതിന് കഴിഞ്ഞില്ല.

പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ലഭിച്ച ദിവ്യശക്തി അദ്ദേഹം സമൂഹനന്മയ്ക്കുവേണ്ടി ഉപയോഗിച്ചു. ദുരാത്മബാധിതർ, രോഗികൾ തുടങ്ങി പലരും അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തി. അനേകമാളുകൾ അദ്ദേഹം മുഖാന്തിരം ദൈവത്തെ അറിയുകയും മാമോദീസാ സ്വീകരിച്ച് ക്രൈസ്തവരാകുകയും ചെയ്തു.



**തൂണിന്മേലുള്ള തപസ്സ് :** തൂണിന്മേലുള്ള തപസ്സ് സുറിയാനിസഭ സന്ന്യാസ ജീവിതത്തിന്റെ മാത്രം പ്രത്യേകതയും അതിന്റെ ഉപജ്ഞാതാവ് മർ ശെമവൂനുമാണ്. ഉയരമുള്ള തൂണിന്മേലിരുന്ന് തപസ്സ് അനുഷ്ഠിക്കുന്ന ആളിനെയാണ് ദെസ്തൂനി എന്നു വിളിക്കുന്നത്. പ്രാർത്ഥനയിലും നോമ്പിലും ശക്തനായിരുന്ന മാർ ശെമവൂൻ വ്രതത്തോടുക്കുടി ഒമ്പതു വർഷം ദയറായിൽ താമസിച്ചശേഷം ദയറായ്ക്കടുത്ത് ഒരു തൂൺ പണിത് വേനലിലും മഴയിലും അതിന്മേലിരുന്ന് തപസ്സ് അനുഷ്ഠിച്ചു. തുടക്കത്തിൽ മൂന്ന് മീററർ മാത്രം ഉയരമുണ്ടായിരുന്ന തൂണിനെ പിന്നീട് ഇരുപതു മീററർ ഉയരമുള്ളതാക്കി മാററി. പലദേശങ്ങളിൽ നിന്നും ധാരാളം ആളുകൾ അവിടെ എത്തി അദ്ദേഹത്തിന്റെ ശിഷ്യരായി. അങ്ങനെ ദെസ്തൂനി സന്യാസ ജീവിതരീതി സുറിയാനി സഭയിൽ വളർന്നു.

**സത്യവിശ്വാസ സംരക്ഷകൻ :** അഞ്ചാം നൂററാണ്ടിൽ സഭയിലുണ്ടായ ക്രിസ്തു ശാസ്ത്ര തർക്കങ്ങൾ സഭ അതുവരെ പുലർത്തിവന്ന വിശ്വാസപ്രാണങ്ങൾക്കു മങ്ങലേൽപ്പിച്ചു. ഏ.ഡി 451 ലെ കൽക്കദോന്യാ സുന്നഹദോസ് സത്യവിശ്വാസത്തിനിതരമായ ക്രിസ്തുശാസ്ത്രം കൊണ്ടുവന്നപ്പോൾ റോമായിലും കുസ്തന്തീനോപോലീസിലും ഉള്ള സഭകൾ ഒഴികെ ബാക്കി എല്ലാ സഭകളും അതിനെ ശക്തിയുക്തം എതിർത്തു. കലക്കദൂന്യാനുകൂലികൾ മാർ ശെമവൂൻ ദെസ്തൂനിയെ തങ്ങളുടെ വശത്താക്കൻ ശ്രമിച്ചെങ്കിലും അവർ അതിൽ വിജയിച്ചില്ല. മാർ ശെമവൂൻ ദെസ്തൂനി സഭയുടെ പുരാതന സത്യവിശ്വാസം ഉറപ്പിക്കുവാൻ ജനങ്ങളെ പ്രബോധിപ്പിക്കുകയും സത്യവിശ്വാസ വിരോധികളെ ചെറുക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**ജീവിതാവസാനം** മാർ ശെമവൂൻ ഏ.ഡി 459ൽ കാലം ചെയ്തു മഹത്വീകരണത്തിൽ പ്രവേശിച്ചതയി പറയപ്പെടുന്നു. തന്റെ അന്ത്യസമയത്തിനു മുമ്പ് ശിഷ്യന്മാരെ അടുക്കെ വിളിച്ച് അതുവരെ താൻ ധരിച്ചിരുന്ന തുകൽ വസ്ത്രമില്ലാതെ മറൊന്നും തന്നെ ധരിപ്പിക്കരുതെന്നു കൽപ്പിച്ചു. അന്ത്യോഖ്യായിലെ വലിയപള്ളിയിൽ അദ്ദേഹത്തിന്റെ ഭൗതിക ശരീരം സംസ്ക്കരിക്കപ്പെട്ടു. തുടർന്നു, അദ്ദേഹത്തിന്റെ ശിഷ്യർ അദ്ദേഹം തപസ്സു ചെയ്ത തൂണിനു ചുററും കോട്ടപോലെ ഒരു മതിൽ കെട്ടി. അതിനെ ഇന്നും ശെമവൂകോട്ട എന്നു വിളിക്കുന്നു. സുറിയാനിസഭയിലെ വിശുദ്ധനും താപസ്സനുമായ ഈ പിതാവിന്റെ നാമത്തിൽ കുമ്പഴ, ഉമ്മന്നൂർ തുടങ്ങി ചില പ്രധാന ദേവാലയങ്ങൾ കഴിഞ്ഞാൽ മലങ്കരയിൽ ദേവാലയങ്ങൾ കുറവാണ്. നാം അദ്ദേഹത്തെ വി. കുർബ്ബാനയിലെ അഞ്ചാം തുബ്ദേനിൽ പ്രത്യേകം ഓർക്കുന്നു. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത നമുക്കു കോട്ടയായിരിക്കട്ടെ